

# ചായ്പൻകുഴി സെന്റ് ആന്റണീസ് ഇടവക

ചാലക്കുടി ടൗണിൽ നിന്ന് കിഴക്കുമാറി കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി എന്നീ പഞ്ചായത്തുകളിലായി ചായ്പൻകുഴി പ്രദേശം വ്യാപിച്ചു കിടക്കുന്നു. മണ്ണിനോടും, വന്യമൃഗങ്ങളോടും മല്ലടിച്ച് സാഹസികമായി ജീവസന്ധാരണം നടത്തിയവരാണ് ആദിമ കുടിയേറ്റ കർഷകർ. 30-ഓളം ക്രൈസ്തവകുടുംബങ്ങളാണ് അന്ന് ഉണ്ടായിരുന്നത്. 8 കിലോമീറ്ററോളം ദൂരെയുള്ള കുറ്റിക്കാട് വി. സെബസ്ത്യാനോസിന്റെ ദേവാലയത്തിൽ കാൽനടയായി പോയി വി. ബലിയർപ്പണത്തിൽ വിശ്വാസപൂർവ്വം പങ്കുചേർന്നിരുന്നു.

## പ്രാരംഭം

ക്രമേണ, ചായ്പൻകുഴി പ്രദേശത്ത് സ്വന്തമായി ഒരു പള്ളി സ്ഥാപിച്ച് ദിവ്യബലിയർപ്പിക്കണമെന്ന് ജനങ്ങൾക്ക് തീവ്രമായ ആഗ്രഹമുണ്ടായി. കുറ്റിക്കാട് പള്ളി വികാരിയായിരുന്ന ബഹു. പോട്ടോക്കാരൻ യാക്കോബ് അച്ചന്റെ കാലഘട്ടത്തിൽ (1956-59) തൃശ്ശൂർ രൂപതാമെത്രാൻ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ 284/57-ാം നമ്പർ കല്പനപ്രകാരം 'ചായ്പൻകുഴി സെന്റ് സെബാസ്റ്റ്യൻസ് ബാല-യുവജനസമാജം' വകയായി കപ്പേള പണിയുന്നതിന് അനുവാദം ലഭിച്ചു. ശ്രീ. കാവുങ്ങൽ കൊച്ചുവറീത് അന്തോണി ദാനമായി നല്കിയ 3 സെന്റ് സ്ഥലത്ത് മാർ ജോർജ്ജ് ആലപ്പാട്ട് 1956 സെപ്റ്റംബർ 21-ന് തറക്കല്ലിട്ടു. ശ്രീ. കരിപ്പായി ചാക്കു അന്തോണി സ്വന്തം ചെലവിൽ കപ്പേള പണിയുകയും വി. അന്തോണീസിന്റെ രൂപം നല്കുകയും ചെയ്തു. 1957 നവംബർ 3-ന് കപ്പേള ആശീർവദിച്ച് രൂപം പ്രതിഷ്ഠിച്ചു. പിന്നീട് ബഹു. പോട്ടോക്കാരനച്ചനും പരിയാടൻ ചാക്കു കുരിയപ്പൻ, അഴകത്ത് കാവുങ്ങൽ കുഞ്ഞുവറീത് കൊച്ചുലോനപ്പൻ, കല്ലേലി അന്തോണി ഉറുമീസ് എന്നീ 4 പേരും കൂടി 400 രൂപ വീതം എടുത്ത് 1600 രൂപയ്ക്ക് 1 ¼ സെന്റ് ഭൂമി കപ്പേളയോട് ചേർന്ന് വാങ്ങി. പിന്നീട് ഈ സ്ഥലം പള്ളിയുടെ പേരിൽ തീറ് നല്കി. ഏകദേശം 100 പേർക്ക് ഇരിക്കാവുന്ന നടപ്പുര പണിത് കപ്പേള വികസിപ്പിച്ചു. ശ്രീ. കല്ലേലി അന്തോണി ഉറുമീസ് ആയിരുന്നു പ്രഥമ കൈക്കാരൻ.

## കുരിശുപള്ളി, സിമിത്തേരി

പിന്നീട്, ബഹു. സെബാസ്റ്റ്യൻ കാരാത്രയച്ചൻ കുരിശുപള്ളിയോട് ബന്ധപ്പെടുത്തി വിവിധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി 1963 ഡിസംബർ 31 വരെ സെന്റ് സെബാസ്റ്റ്യൻസ് ബാലയുവസമാജത്തിന്റെയും, സമുദായത്തിന്റെയും പേരിലുമായിരുന്ന പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും ബഹു. വികാരിയച്ചന്റെയും കൈക്കാരന്റെയും മേൽനോട്ടത്തിലാക്കി. 1964 മുതൽ അന്നുണ്ടായിരുന്ന 70 വീട്ടുകാരിൽ നിന്നും മാസവരിസംഖ്യ പിരിവെടുത്ത് ഒട്ടുമിക്ക ആത്മീയ കാര്യങ്ങളും ഇവിടെ നിർവ്വഹിച്ചുപോന്നു. 1964 മുതൽ ഇവിടെ സിമിത്തേരി സജ്ജീകരിച്ച് പ്രതിബന്ധങ്ങൾ തരണംചെയ്ത് മൃതദേഹ സംസ്കാരം നടത്തുകയുണ്ടായി.

1964 ജൂൺ മാസത്തിൽ നിയമിതനായ ബഹു. ആന്റണി കിഴക്കൂടനച്ചൻ പള്ളിപണിയാൻ അംഗീകാരം വാങ്ങി, അടിസ്ഥാനശില സ്ഥാപിച്ച് പണികൾ ആരംഭിച്ചു. പണികൾ പൂർത്തിയായപ്പോൾ 1968 ജനുവരി 19-ാം തിയ്യതി അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവ് വെഞ്ചിരിപ്പ്കർമ്മം നിർവ്വഹിച്ചു.

## ഇടവക

ചായ്പൻകുഴി സെന്റ് ആന്റണീസ് കുരിശുപള്ളിയെ മാർ ജോസഫ് കുണ്ടുകുളം DL4/71(1002/71) dated 17.08.1971 കല്പനപ്രകാരം 1971 ആഗസ്റ്റ് 29-ാം തിയ്യതി നിശ്ചിത അതിർത്തികളോടെ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തുകയും ബഹു. ആന്റണി കിഴക്കൂടനച്ചനെ (കുറ്റിക്കാട്) പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു. കുറ്റിക്കാട് പള്ളി വികാരിയുടെ അജപാലന ശുശ്രൂഷയിലായിരുന്ന പുളിങ്കര, ചായ്പൻകുഴി എന്നീ ഇടവകകൾക്കുവേണ്ടി സൗകര്യാർത്ഥം 1972 മാർച്ച് 22 മുതൽ പ്രത്യേകം വൈദികനെ നിയോഗിച്ചു. ഇപ്രകാരം പുളിങ്കര പള്ളിയുടെ വൈദികമന്ദിരത്തിൽ താമസിച്ച് ഇദംപ്രഥമമായി ഇവിടെ അജപാലനശുശ്രൂഷയ്ക്കായി നിയുക്തനായത് ബഹു. ആന്റണി പുതുശ്ശേരിയച്ചനായിരുന്നു (1972-76).



സെന്റ് തോമസ് കപ്പേള, വെട്ടിക്കുഴി



സെന്റ് ജോസഫ് കപ്പേള

## വൈദികമന്ദിരം

പിന്നീട് ബഹു. ജേക്കബ് പുതുശ്ശേരിയച്ചൻ (1978-81) ഇവിടെ വികാരിയായിരുന്ന കാലഘട്ടത്തിലാണ് ഇടവകാതിർത്തിയിൽപെട്ട വീരഞ്ചിറ പ്രദേശത്ത് 1978-ൽ കുരിശുപള്ളി സ്ഥാപിതമായത്. ചായ്പൻകുഴി പള്ളിയോട് ചേർന്ന് വൈദികമന്ദിരവും പണിതീർത്തു. വൈദികമന്ദിരത്തിന്റെ വെഞ്ചിരിപ്പുകർമ്മം 10.01.1981-ൽ ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. ശ്രീ. പരിയാടൻ ചാക്കു കുരിയപ്പന്റെ ഒന്നര ഏക്കർ കോവിലകം പതിപ്പുഭൂമി തീറ് വാങ്ങിയതും ഈയവസരത്തിലാണ്. ചായ്പൻകുഴിയുടെ പ്രാരംഭഘട്ടത്തിൽ 15 വർഷം കുറ്റിക്കാട് പള്ളിയിൽ നിന്നും തുടർന്ന് 1972 മുതൽ 9 വർഷം പുളിങ്കര പള്ളിയിൽ നിന്നും ബഹു. അച്ചന്മാർ ഇവിടത്തെ ആത്മീയകാര്യങ്ങൾ നടത്തിപ്പോന്നു.

## സ്ഥിരവാസമുള്ള വികാരി

ആദ്യത്തെ സ്ഥിരതാമസമുള്ള വികാരിയായി റവ. ഫാ. പോൾ എ. അമ്പൂക്കനെ പിതാവ് നിയമിക്കുകയുണ്ടായി. ബഹു. ജോൺസൺ മാനാടനച്ചന്റെ ഉത്സാഹത്താൽ 1984-ൽ കുടുംബയൂണിറ്റുകൾ ആരംഭിച്ചു. പിന്നീട് പള്ളിക്ക് മനോഹരമായ ഒരു മുഖവാരം പണിയുകയും 1987 ജൂലൈ 12-ന് അഭിവന്ദ്യപിതാവ് വെഞ്ചിരിക്കുകയും ചെയ്തു. 1998-ൽ ബഹു. ഡേവിസ് തട്ടിലച്ചൻ കുടുംബയൂണിറ്റുകൾ 13 ആയി പുനർവിഭജനം നടത്തി.

## കപ്പേളകൾ

1957-ൽ പള്ളിക്ക് മുന്നോടിയായി പണിത സെന്റ് ആന്റണീസ് കപ്പേളയ്ക്ക് പുറമെ, 1959-60 കാലഘട്ടത്തിൽ ബഹു. തോമസ് താടിക്കാരനച്ചന്റെ



സെന്റ് മേരീസ് കപ്പേള, പീലാർമുഴി



തിരുഹൃദയ കപ്പേള

നേതൃത്വത്തിൽ നിർമ്മിച്ച തിരുഹൃദയസ്തംഭം (രൂപം സംഭാവന ചെയ്തത്- കാളിയത്തുപറമ്പിൽ ഉതുപ്പ്), വെട്ടിക്കുഴിയിൽ പണിതീർത്ത (1961-62) സെന്റ് തോമസ് കപ്പേള എന്നിവയും ഈ ഇടവകാതിർത്തിയിലുണ്ട്. ബഹു. ആന്റോ പാറേക്കാടനച്ചൻ വികാരിയായിരുന്നപ്പോൾ പണിതീർത്ത സിമിത്തേരി കപ്പേള 1991 മേയ് 19-ന് അഭിവന്ദ്യ ജെയിംസ് പിതാവ് ആശീർവദിക്കുകയുണ്ടായി.

## ഷോപ്പിങ്ങ് കോംപ്ലക്സ്, മണിമാളിക

ഇടവകയുടെ സാമ്പത്തിക സുസ്ഥിതിക്കുവേണ്ടി ബഹു. തോമസ് ആലപ്പാട്ട് അച്ചന്റെ കാലഘട്ടത്തിൽ (1993-96) പ്ലാൻ ചെയ്ത ഷോപ്പിങ്ങ് കോംപ്ലക്സിന്റെയും അതോടൊപ്പം മണിമാളികയുടെയും പണികൾ യഥാസമയം പൂർത്തിയായതിനെത്തുടർന്ന് 1996-ൽ അവ വെഞ്ചിരിച്ച് ഉപയോഗത്തിനായി നല്കി.

## മതബോധനഹാൾ, സ്റ്റേജ്

ബഹു. ജോസഫ് പാറേക്കാട്ടിൽ വി.സി. അച്ചൻ (നടത്തു) വികാരിയായിരുന്നപ്പോൾ 2001 ഒക്ടോബർ 11-ന് ആണ് അഭിവന്ദ്യപിതാവ് മതബോധന ഹാളിന് ശിലാസ്ഥാപനം നടത്തിയത്. തുടർന്ന് പണികൾക്ക് മുഖ്യമായി നേതൃത്വം നല്കിയത് 2002 ജനുവരിയിൽ വികാരിയായി ചുമതലയേറ്റ ബഹു. ജെയ്സൺ കരിപ്പായി അച്ചനായിരുന്നു. മതബോധനക്ലാസ്സുകളുടെ സൗകര്യത്തിനുവേണ്ടി പണിതീർത്ത പ്രസ്തുത SACC (St. Antony's Catechetical Centre) ആഡിറ്റോറിയവും രൂപതയുടെയും അഭിവന്ദ്യപിതാവിന്റെയും സിൽവർ ജൂബിലി സ്മാരകമായി നിർമ്മിച്ച ഓപ്പൺ സ്റ്റേജും 2003 സെപ്റ്റംബർ 27-ന് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവദിച്ചു; സ്മരണിക പ്രകാശനം ചെയ്തു. 'പാദുവാധ്വനി' എന്ന പാരിഷ് ബുള്ളറ്റിൻ പ്രസിദ്ധീകരണവും ആരംഭിച്ചു. കൂടാതെ, ജലസേചന സൗകര്യത്തിനായി വാട്ടർ സ്റ്റോറേജ് ടാങ്ക് തദവസരത്തിൽ നിർമ്മിക്കുകയുണ്ടായി.

## നോട്ടർഡാം കോൺവെന്റ് & സ്ക്കൂൾ

ചായ്പൻകുഴി ഇടവകയിൽപെട്ട വെട്ടിക്കുഴി പ്രദേശത്ത് നോട്ടർഡാം സിസ്റ്റേഴ്സിന്റെ ഒരു



നോട്ടർഡാം സ്ക്കൂൾ



നോട്ടർഡാം കോൺവെന്റ്, വെട്ടിക്കുഴി

കോൺവെന്റ് 2001 മാർച്ച് 3-ാം തിയ്യതി സ്ഥാപിതമായി. ഇതോടൊപ്പം ബഹു. സിസ്റ്റേഴ്സ് ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും ആരംഭിച്ചു.

## സ്മൈൽ വില്ലേജ്, വെട്ടിക്കുഴി



സ്മൈൽ വില്ലേജിലെ ദേവാലയം

കേരളത്തിലെ വിൻസെൻഷ്യൻ കോൺഗ്രിഗേഷന്റെ ആഭിമുഖ്യത്തിൽ പെ. ബഹു. ഡോ. ആന്റണി പ്ലാക്കൽ വി.സി. (മുൻ സുപ്പീരിയർ ജനറൽ) അച്ചന്റെ നേതൃത്വത്തിൽ 2000-ൽ സ്ഥാപിതമായതാണ് 'സ്മൈൽ വില്ലേജ്' (SSSmile Village) എന്ന ആശ്രമവും അതിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അഗതികളുടെ പുനരധിവാസ കേന്ദ്രവും.



സ്മൈൽ വില്ലേജ്

## ഡിവൈൻ മേഴ്സി കോൺവെന്റ്

പെ. ബഹു. ആന്റണി പ്ലാക്കൽ വി.സി. അച്ചൻ വെട്ടിക്കുഴി ആസ്ഥാനമായി 2004-ൽ സ്ഥാപിച്ചതാണ് മേഴ്സി കോൺവെന്റ് എന്ന Pious Union. അതിന്റെ പ്രഥമ ഭവനമാണ് വെട്ടിക്കുഴിയിൽ സ്ഥിതിചെയ്യുന്നത്.

## നവീന ദേവാലയം

ഇടവകയിലെ കുടുംബങ്ങളുടെ എണ്ണവും നിലവിലുള്ള പള്ളിയുടെ ജീർണ്ണാവസ്ഥയും പരിഗണിച്ച് വികാരിയായ റവ. ഫാ. സജി വലിയവീട്ടിലിന്റെ നേതൃത്വത്തിൽ ദേവാലയ പുനർ നിർമ്മാണം പുരോഗമിക്കുന്നു. 365 കുടുംബങ്ങളാണ് ഇപ്പോൾ ഈ ഇടവകയിലുള്ളത്. വിശുദ്ധ അന്തോണീസിന്റെ തിരുശേഷിപ്പ് 2007 ഒക്ടോബർ 30-ന് പ്രത്യേക വണക്കത്തിനായി പ്രതിഷ്ഠിക്കുകയുണ്ടായി.



സാക്ക് ഹാൾ